# അവളോടുള്ള സ്നേഹംമൂലം ആ വർഷങ്ങൾ ഏതാനും നാളുകളായേ അവനു തോന്നിയുള്ളു

**ഉൽപത്തി 29:20**



## വിചിന്തനം

ഫെബ്രുവരി 2023

പഴയനിയമത്തിൽ ഒളിഞ്ഞിരിക്കുന്ന തങ്കത്തിളക്കമുള്ള ഒരു വാക്യമാണ് ഈ മാസത്തെ നമ്മുടെ വിചിന്തനം. മനുഷ്യപ്രകൃതിയുടെ സങ്കീർണ്ണതകളെ ഈ വചനം ആഴത്തിൽ അനാവരണം ചെയ്യുന്നു. ഒരുഭാഗത്ത് ദൈവം രൂപപ്പെടുത്തിയ സൗന്ദര്യം, മറുഭാഗത്ത് പാപത്തിന്റെ ഫലമായുണ്ടായ ജീർണതകൾ. സ്നേഹം, മുൻവിധി, വഞ്ചന, ആതിഥ്യമര്യാദ, ഉപജാപം, ആക്രമണോത്സുകത, ആരാധന, സഹോദര വൈരാഗ്യം തുടങ്ങി പരസ്പരവിരുദ്ധമായ എത്രയോ വാസനകൾ.

ജ്യേഷ്ഠനായ ഏസാവിനെ അമ്മയുടെ ഒത്താശയോടെ കബളിപ്പിച്ച് കടിഞ്ഞൂലവകാശം കരസ്ഥമാക്കിയ യാക്കോബ് ഏസാവിന്റെ കൈയിൽപ്പെടാതെ രക്ഷപ്പെടുകയാണ്. അമ്മാവനായ ലാബാന്റെ പക്കലാണ് അവൻ അഭയം തേടുന്നത്. അവിടെ അവൻ ലാബാന്റെ ഇളയ മകൾ റാഹേലിൽ അനുരക്തനാകുന്നു. ആ പെൺകുട്ടിയെ വിവാഹം കഴിക്കാനായി ഏഴുവർഷം അവളുടെ പിതാവിനെ സേവിക്കാമെന്ന് അവൻ സമ്മതിക്കുന്നു.

ആ ഏഴു വർഷത്തെ കഠിനാധ്വാനത്തെക്കുറിച്ച് തിരുവെഴുത്ത് എന്തുപറയുന്നു എന്നതാണ് നമ്മുടെ വിചിന്തനവിഷയം. 'അങ്ങനെ റാഹേലിനുവേണ്ടി യാക്കോബ് ഏഴുകൊല്ലം പണിയെടുത്തു. അവളോടുള്ള സ്നേഹംമൂലം ആ വർഷങ്ങൾ ഏതാനും നാളുകളായേ അവനു തോന്നിയുള്ളൂ (ഉൽപത്തി 29 : 20)'.

എന്നാൽ ലാബാൻ നല്ലൊരു യജമാനനായിരുന്നില്ല. അയാളുടെ കീഴിൽ ജോലിചെയ്യുന്നത് അത്ര നല്ല അനുഭവവുമായിരുന്നില്ല. വചനം അയാളെ ചിത്രീകരിക്കുന്നത് സമ്മിശ്രഗുണങ്ങളുള്ള ഒരു വ്യക്തിയായാണ്. ഉന്നതമായ ആതിഥ്യബോധം അയാളുടെ പ്രത്യേകതയാണ്. ചിലസമയങ്ങളിൽ അയാൾ ദൈവത്തെ അനുസരിക്കുന്നു, അതേസമയം വിഗ്രഹാരാധനയും നടത്തുന്നു. തന്റെ കുടുംബത്തോടുള്ള അയാളുടെ സ്നേഹം അന്ധമാണ്. പക്ഷേ, സ്വന്തം ലക്ഷ്യങ്ങൾ നേടാനായി ചതിക്കാനും വഞ്ചിക്കാനും അയാൾ മടിക്കുന്നുമില്ല. എന്നിട്ടും യാക്കോബ് അവനെ സേവിച്ചതെങ്ങനെയാണ്? തരിമ്പും വെറുപ്പില്ലാതെ!.

അവൻ റാഹേലിനോടും ലെയായോടും വിശദീകരിക്കുന്നത് നാം കാണുന്നുണ്ട്, 'എന്റെ കഴിവു മുഴുവനും ഉപയോഗിച്ച് നിങ്ങളുടെ പിതാവിനുവേണ്ടി ഞാൻ പണിയെടുത്തിട്ടുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ' (31, 6). ഇരുപത് വർഷത്തോളം അദ്ദേഹം ലാബാനെ സേവിച്ചു! (31: 41). യാക്കോബിന് ഇത് എങ്ങനെയാണ് സാധിച്ചത്? അവൻ സദ്ഗുണ സമ്പന്നനായ ഒരു നായകനൊന്നുമായിരുന്നില്ല. മറിച്ച് ഒട്ടേറെ ബലഹീനതകളുള്ള ഒരു മനുഷ്യനായിരുന്നു. സ്വന്തം പ്രവൃത്തികളുടെ അനന്തരഫലങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിലാണ് അവൻ ഈ സാഹചര്യത്തിൽ എത്തിപ്പെടുന്നതുതന്നെ. പക്ഷേ, അവനൊരു ലക്ഷ്യമുണ്ടായിരുന്നു. ഈ കഠിനാധ്വാനം ചെയ്യുമ്പോഴെല്ലാം അവന്റെ നോട്ടം ആ ലക്ഷ്യത്തിലേക്ക് മാത്രമായിരുന്നു.. റാഹേലിന്റെ സ്നേഹം. തന്നെ കാത്തിരിക്കുന്ന ആ സ്നേഹവുമായി താരതമ്യം ചെയ്യുമ്പോൾ ഇത്രയും വർഷങ്ങൾ യാക്കോബ് കണക്കിലെടുത്തില്ല. സന്തോഷത്തോടെ അവൻ അധ്വാനിച്ചുകൊണ്ടേയിരുന്നു.

തന്റെ സഹോദരനുമായുള്ള യാക്കോബിന്റെ പ്രശ്നം ഗർഭപാത്രത്തിൽ നിന്നേ തുടങ്ങിയിരുന്നല്ലോ (ഉൽപത്തി 25: 22-26). തനിക്ക് അവകാശപ്പെട്ട അനുഗ്രഹം തട്ടിയെടുത്ത തന്റെ സഹോദരനെ കൊല്ലാൻ ഏസാവ് തീരുമാനിച്ചപ്പോൾ ഈ പ്രശ്നം തിളച്ചുമറിയുന്ന ഒരു അവസ്ഥയിലെത്തി. യാക്കോബിന് ഏസാവിന്റെ ക്രോധത്തിൽ നിന്ന് ഓടിപ്പോകേണ്ടി വന്നു . സ്വന്തം സഹോദരനെപ്പോലും സ്നേഹിക്കാൻ കഴിയാത്ത ഒരു മനുഷ്യന് ഇത്രയും ത്യാഗപൂർണമായ രീതിയിൽ മറ്റൊരാളെ സ്നേഹിക്കാനുള്ള കഴിവ് ഉണ്ടെന്നത് വിരോധാഭാസമല്ലേ? തന്റെ ലക്ഷ്യം പൂർത്തീകരിക്കാനുള്ള ആഗ്രഹത്തിൽ ഏഴ് വർഷങ്ങൾ അവന് ഏതാനും ദിവസങ്ങൾ പോലെ തോന്നി. കാരണം അവന്റെ ഹൃദയം ആഗ്രഹിച്ചതിലേക്ക് അവനെ നയിക്കാൻ കഴിയുന്ന ഏകവ്യക്തിയെ ആയിരുന്നു അവൻ സേവിച്ചത്. കാലക്രമേണ വരണ്ടുപോകുന്ന വൈകാരികമോ അപക്വമോ ആയ സ്നേഹമായിരുന്നില്ല അവന്റേത്. ഓരോ മണിക്കൂറും ഓരോ ദിവസവും തന്റെ സ്നേഹത്തിനായി അവൻ അധ്വാനിച്ചു. ലാബാന്റെ കുടിലതമൂലം പതിമൂന്ന് വർഷംകൂടി ഈ അധ്വാനം ദീർഘിച്ചപ്പോഴും യാക്കോബ് സങ്കടപ്പെടുകയോ പരാതിപ്പെടുകയോ ചെയ്യുന്നില്ല.

ഇനി നമ്മിലേക്ക് ഒന്നു നോക്കാം. നമ്മുടെ പ്രിയന്റെ സൗന്ദര്യം ഈ ലോകത്തിലെ എല്ലാ റാഹേലുമാരെയും കവച്ചുവയ്ക്കുന്നതാണ്. അവനിലൊന്നായി തീരുക എന്ന ആത്യന്തിക ലക്ഷ്യത്തിനായി എത്ര വർഷം നാം അധ്വാനിക്കും? ഏഴോ എഴുപതോ? അതോ ജീവിതകാലം മുഴുവനുമോ? നമ്മെ മുതലെടുക്കാൻ ശ്രമിക്കുന്ന ലാബൻമാരും ലോകത്തിന്റെ തെറ്റായ വഴികൾ നമ്മോട് മന്ത്രിക്കുന്ന റബേക്കമാരും നമുക്ക് ചുറ്റും ഉണ്ടാകും. മറ്റുള്ളവരെ നമ്മെക്കാൾ  സ്നേഹിക്കുന്ന ഇസഹാക്കുമാരും നമ്മെ നശിപ്പിക്കാൻ ആഗ്രഹിക്കുന്ന ഏസാവുമാരും ഉണ്ടാകാം. ഇതിനെല്ലാം പുറമേ നമ്മുടെ തന്നെ കുറവുകളും നമ്മെ കുഴപ്പത്തിലാക്കിയേക്കാം. എന്നാൽ ഇതിനെല്ലാം മുകളിലാണു നമ്മുടെ ദൈവം. അവിടുന്ന് എപ്പോഴും നമ്മോടൊപ്പമുണ്ട് (31: 5, 42). അവന്റെ രൂപാന്തരപ്പെടുത്തുന്ന കൃപ പതിയെ നമ്മെ യാക്കോബിൽ നിന്ന് (കാലുവാരുന്നവൻ, കൊള്ളയടിക്കുന്നവൻ എന്നൊക്കെ അർഥം) ഇസ്രായേലിലേക്ക്(ദൈവത്തോടൊപ്പം വിജയിച്ചവൻ) മാറ്റുന്നു. ദൈവത്തിനുവേണ്ടി ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കാൻ കഴിയുന്ന ഉപവിയുടെ പുണ്യം അവൻ നമ്മിൽ ഓരോരുത്തരിലും സന്നിവേശിപ്പിച്ചിരിക്കുന്നു. യാക്കോബിനെപ്പോലെ നമ്മുടെ ജീവിതത്തിലെ വെല്ലുവിളികൾ ഉൾക്കൊള്ളാൻ അവൻ നമ്മെ ക്ഷണിക്കുന്നു, അങ്ങനെ നാമും അനുഗ്രഹിക്കപ്പെടും.

വിശുദ്ധ അഗസ്റ്റിൻ പറയുന്നു, ''അങ്ങയെ പ്രതിയല്ലാതെ മറ്റെന്തിനെയും അങ്ങയോടൊപ്പം സ്നേഹിക്കുന്നവൻ അങ്ങയെ അൽപം മാത്രം സ്നേഹിക്കുന്നു''. കുടുംബത്തിലും ജോലിസ്ഥലത്തും ശുശ്രൂഷാരംഗങ്ങളിലും ഇടവകയിലും വ്യക്തിപരമായ വളർച്ചയുടെ മേഖലയിലുമെല്ലാമുള്ള നമ്മുടെ അധ്വാനം ദൈവസ്നേഹത്തെപ്രതിയാകുമ്പോളാണ് അർഥവത്തും സന്തോഷകരവുമാകുന്നത്.

റാഹേലിന്റെ സാന്നിധ്യം യാക്കോബിന്റെ ഹൃദയത്തെ ത്രസിപ്പിക്കുകയും അവന്റെ ജോലിയിൽ ഒരു പുതിയ ആവേശം നിറയ്ക്കുകയും ചെയ്തിരിക്കണം. ജോലിസ്ഥലത്തും കുടുംബങ്ങളിലും ശുശ്രൂഷകളിലും കർത്താവിനെ സേവിക്കുമ്പോൾ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന പ്രിയന്റെ സാന്നിധ്യബോധം നമ്മെ ആനന്ദത്താൽ നിറയ്ക്കട്ടെ. അപ്പോൾ നമ്മുടെ ജീവിതം വളരെ അർഥപൂർണമാകും. ദീർഘമായ വർഷങ്ങൾ പോലും ഏതാനും ദിവസങ്ങളായി നമുക്കും തോന്നും, കാരണം, യാക്കോബിനെപ്പോലെ നമ്മുടെ ഹൃദയം കവർന്ന സ്നേഹത്തിലേക്കു പൂർണമായും ശ്രദ്ധ കേന്ദ്രീകരിക്കാൻ നാം പഠിച്ചല്ലോ.

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*